## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3766 — 25.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ലോട്ടറി മുഖേന സമാഹരിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ ആർക്കാണ് നൽകേണ്ടത് ;<br>അപേക്ഷകളുടെ മാതൃക ലഭ്യമാക്കാമോ; അപേക്ഷകൾ എവിടെയൊക്കെയാണ് ലഭ്യമാവുക; അപേക്ഷകളിൽ തുകയനുവദിക്കുന്നത് ആരൊക്കെ; | (എ) | കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ രോഗി സ്ഥിരം താമസമുള്ളതും റേഷൻകാർഡുള്ളതുമായ സ്ഥലത്തെ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ആഫീസർക്കാണ് നൽകേണ്ടത്. സർക്കാർ ആശുപത്രികളിലേക്കും സർക്കാരിതര അക്രെഡിറ്റഡ് ആശുപത്രികളിലേക്കുമുള്ള ചികിത്സകൾക്ക് ധനസഹായം ലഭിക്കുന്നതിലേക്കായി പ്രത്യേകം ഫോറങ്ങളാണ് നൽകേണ്ടത്. അപേക്ഷ ഫോറങ്ങളുടെ മാതൃക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. (ഫോം നമ്പർ 1,2,13) അപേക്ഷകൾ എല്ലാ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിലും ലഭ്യമാണ്. കൂടാതെ www.keralalottories.com, www.karunya.kerala.gov.in എന്നീ വെബ്സൈറ്റു കളിൽ നിന്നും അപേക്ഷ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. ഇതിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സമിതിയുടെ അംഗീകാരത്തോടെ, ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററാണ് തുക ആശുപത്രികൾക്ക് അനുവദിക്കുന്നത്. |
| (ബി) | ഇതേവരെ എത്ര രൂപയാണ് ഈ പദ്ധതികൾ മുഖേന നൽകിയിട്ടുള്ളത് എന്ന് രോഗങ്ങളുടെ വിവരവും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ ? | (ബി) | ഇതുവരെ 150.83 കോടി രൂപയാണ് വിവിധ ആശുപത്രികളിലേക്ക് ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുള്ളത്. രോഗങ്ങളുടെ വിവരവും ജില്ല തിരിച്ചുള്ള ലിസ്റ്റും അനുബന്ധ-II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**